**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 732** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതപ്രസരണ ലൈനുകളുടെ ഉടമസ്ഥത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ വൈദ്യുത പ്രസരണ ലൈനുകളുടെ ഉടമസ്ഥത നിശ്ചിത കാലത്തേക്ക് സ്വകാര്യ മേഖലയ്ക്ക് വിട്ടുനൽകാൻ കേന്ദ്രം നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്രം നിർദേശിച്ചതെന്നറിയിക്കുമോ; | (എ) | തിരഞ്ഞെടുത്ത പ്രസരണ ആസ്തികളിൽ നിന്നും ധനസമ്പാദനത്തിനായി Acquire, Operate, Maintain and Transfer (AOMT) തത്വത്തിൽ അധിഷ്ഠിതമായ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയാണ് കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്. ടി മാതൃക പ്രകാരം ചുരുങ്ങിയ സമയത്തേക്ക് നിലവിലുള്ള പ്രസരണ ലൈനുകൾ മാത്രമായോ, ലൈനുകളും സബ്സ്റ്റേഷനുകളും ഒരുമിച്ചോ ഉള്ള ഉടമസ്ഥാവകാശം ഒരു നിക്ഷേപകന് കൈമാറുകയും നിശ്ച്ചിത കാലാവധിക്ക് ശേഷം തിരിച്ച് യഥാർത്ഥ ഉടമക്ക് ഏൽപ്പിക്കുകയും ചെയ്യണം. ഇത് സംബന്ധിച്ച മാർഗ്ഗ രേഖകളാണ് സംസ്ഥാനങ്ങളുടെ പരിഗണനയ്ക്കായി കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. ടി മാർഗ്ഗരേഖകൾ അതേപടി പാലിക്കേണ്ടതില്ല. വാണിജ്യ, റെഗുലേറ്ററി ആവശ്യങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് മറ്റ് മാതൃകകളും സ്വീകരിക്കാവുന്നതാണ് എന്നാണ് കേന്ദ്ര നിർദ്ദേശത്തിൽ പരാമർശിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖകളിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>• താരിഫ് നിർണ്ണയത്തിനായി കണക്കിലെടുക്കുന്ന Regulated Tariff Mechanism (RTM) ആസ്തികൾ അതാത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ആസ്തികൾ മാതൃസ്ഥാപനത്തിൽ നിന്നും വേർപ്പെടുത്തി പുതുതായി കമ്പനി (SPV) രൂപീകരിച്ച് അവയ്ക്ക് കൈമാറണം. മത്സരാധിഷ്ഠിത ബിഡ്ഡിംഗ് പ്രകാരം താരിഫ് നിർണ്ണയിക്കുന്ന ആസ്തികൾക്കായി (TBCB basis) പ്രത്യേക കമ്പനി രൂപീകരിക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| | | | • AOMT മാതൃക പ്രകാരം, മത്സരാധിഷ്ഠിത ബിഡ്ഡിംഗ് വഴി തിരഞ്ഞെടുക്കപ്പെടുന്ന നിക്ഷേപക സ്ഥാപനമായിരിക്കും SPV യുടെ 100 % ശതമാനം ഓഹരി ഉടമയാകുക. SPV യുടെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും ഉടമസ്ഥതയും, പ്രവർത്തിപ്പിക്കലും, പരിപാലനവും ഒരു നിശ്ചിത കാലാവധി വരെ നിക്ഷേപക സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. ലൈനുകളുടെ ട്രാൻസ്മിഷൻ ചാർജ്ജ് നിക്ഷേപകന് വാങ്ങിക്കാം.<br>• ആസ്തി കൈമാറ്റവുമായി ബന്ധപ്പെട്ട ഉപാധികളും നിബന്ധനകളും പ്രതിപാദിക്കുന്ന കൈമാറ്റ ഉടമ്പടിയിൽ (Transfer agreement) യഥാർത്ഥ ഉടമയും നിക്ഷേപകനും ഏർപ്പെടണം. ടി ഉടമ്പടിയുടെ കാലാവധി ആസ്തി ഉടമക്ക് തീരുമാനിക്കാം. ടി കാലാവധിക്ക് ശേഷം ആസ്തി കൈമാറിയ ഉടമക്ക് ഒരു രൂപ നൽകി നിക്ഷേപകനിൽ നിന്നും ആസ്തി തിരികെ വാങ്ങാം. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ; | (ബി) | പ്രസരണ ശൃംഖലയുടെ വികസന പ്രവൃത്തികൾക്കുള്ള മൂലധനം നിലവിലുള്ള ആസ്തികളിൽ നിന്നും കണ്ടെത്തുന്നതിനുള്ള മാർഗമായാണ് AOMT മാതൃകയെ കേന്ദ്ര സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കേരളത്തെ സംബന്ധിച്ച് ഇത്തരത്തിൽ വൈദ്യുതി മേഖലയിൽ സ്വകാര്യ നിക്ഷേപം വഴി പുതിയ പ്രവൃത്തികൾക്കായി ധനം കണ്ടെത്തുന്നതിന്റെ ആവശ്യം നിലവിൽ ഇല്ല. |
| (സി) | നിലവിൽ ഉടമസ്ഥാവകാശം കൈമാറുന്നതിനായി എസ്.പി.വി. കൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | രൂപീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ